**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5159** **21-03-2025 - ൽ മറുപടിയ്ക്ക്**

**കൃഷി സമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി സമൃദ്ധി പദ്ധതി എന്താണെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യങ്ങളോടെ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ജനകീയ ക്യാമ്പയിന്റെ രണ്ടാംഘട്ടമായി രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് "കൃഷി സമൃദ്ധി". സംസ്ഥാനത്താകെ രൂപീകരിച്ചിട്ടുള്ള ഉല്പാദന-സേവന-മൂല്യവർദ്ധിത മേഖലകളിലെ കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണവും, ദ്വിതീയ കാർഷിക വികസനവും, ഭക്ഷ്യ സ്വയം പര്യാപ്തതയും, സുരക്ഷിത ഭക്ഷണവും, കർഷകരുടെ വരുമാന വർദ്ധനവും എന്ന ദൗത്യമാണ് ലക്ഷ്യം വക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായി കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും "കൃഷി സമൃദ്ധി" പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. ഒന്നാം ഘട്ടത്തിൽ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൃഷിവകുപ്പിന്റെയും വിഭവ സംയോജനത്തിലൂടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (Beacon LSGIs) ഒരു സമഗ്ര കർമ്മപദ്ധതിക്ക് (Comprehensive Agricultural Development Mission Programme) പങ്കാളിത്ത രീതിയിൽ രൂപം കൊടുക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപന വാർഡ് തലത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കി അവയെ പഞ്ചായത്ത്, നഗരസഭാ, ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ പിന്തുണ നൽകിക്കൊണ്ടും സാധ്യമായ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ചുകൊണ്ടും അനുകരണീയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ടുമാണ് പദ്ധതി നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവ കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സംയോജനവും അതാത് തലങ്ങളിൽ പദ്ധതിയിലൂടെ ഉറപ്പ് വരുത്തുന്നു.<br><br>പദ്ധതി നടപ്പാക്കുന്നതിന് കർഷകരെ കൃഷിക്കൂട്ടങ്ങളായി സംഘടിപ്പിക്കുകയും വാർഡുതലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള വാർഡുതല നിർവ്വഹണ സമിതിയും തദ്ദേശസ്വയംഭരണതലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള ഫെഡറേഷനും രൂപീകരിക്കുകയും ചെയ്യുന്നു. കർഷക കൂട്ടായ്മയിലൂടെ യുവജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും വിപണനം, മൂല്യവർദ്ധനവ്, കാർഷിക സേവനങ്ങൾ എന്നിവയിൽ ഇടപെടുകയും ചെയ്യുന്നതാണ് കൃഷി സമൃദ്ധിയുടെ പ്രവർത്തന രീതി. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | (ബി) | പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു ;<br><br>1. കാർഷിക സാക്ഷരതാ യജ്ഞം.<br>2. കൃഷിക്ക് അനുയോജ്യമായ മുഴുവൻ പ്രദേശവും കൃഷി ചെയ്യുക.<br>3. പഴം പച്ചക്കറി അടക്കം സാധ്യമായ എല്ലാ ഭക്ഷ്യ വിളകളുടെയും ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക.<br>4. ദ്വിതീയ കാർഷിക വികസനത്തിന് (Secondary Agriculture) പ്രോത്സാഹനം നൽകുക.<br>5. ഉന്നത മൂല്യമുള്ള വിളകളുടെ കൃഷി വ്യാപിപ്പിക്കുക. മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുക.<br>6. NAWODHAN സ്കീം മുഖാന്തരം പരമാവധി കൃഷിയിടങ്ങൾ കൃഷിക്കായി തയ്യാറാക്കുക.<br>7. കർഷകരുടെ വരുമാനം ഇരട്ടിയാക്കുക. കൃഷിയിലൂടെസ്ഥായിയായ സാമ്പത്തിക ഉന്നമനം പ്രാദേശികതലം മുതൽ നേടിയെടുക്കുക.<br>8. യുവതയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക. ഒരു വാർഡിൽ നിന്നും 5 പുതിയ കർഷകരെ വീതം കണ്ടെത്തി പ്രതിവർഷം ഒരു ലക്ഷം യുവകർഷകരെ സൃഷ്ടിക്കുക.<br>9. കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.<br>10. നവീന കാർഷിക രീതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. ഡിജിറ്റൽ സാങ്കേതിക |

| | | | |
|---|---|---|---|
| | | | വിദ്യകൾ പ്രയോജനപ്പെടുത്തുക.<br>11. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷ്യോല്പാദനം പോഷക സമൃദ്ധി മിഷൻ,ജൈവ കാർഷിക മിഷൻ എന്നിവയെ സംയോജിപ്പിച്ചു നടപ്പിലാക്കുക .കേരളഗ്രോ ഗ്രീൻ/ഓർഗാനിക് ബ്രാൻഡിങ്ങോടെ ഇവയെ പൊതു ഇടങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കുക.<br>12. കാർഷിക മേഖലയിൽ സാധ്യമായ എല്ലാ പ്രവർത്തനങ്ങളിലും യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. KAMCO മുഖാന്തരം യന്ത്രവൽക്കരണ സംബന്ധമായ സഹായങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്<br>13. പ്രകൃതി വിഭവ പരിപാലനത്തിലൂടെ കാലാവസ്ഥ വ്യതിയാനത്തിന്റെ അനന്തരഫലങ്ങളെ ലഘൂകരിക്കുക .<br>14. കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുക.<br>15. പ്രാദേശിക വിപണന കേന്ദ്രങ്ങൾ ശാക്തീകരിച്ചും പുതിയ കേന്ദ്രങ്ങൾ സ്ഥാപിച്ചും വിപണികളെ തമ്മിൽ ബന്ധിപ്പിച്ചും സ്റ്റോക്ക് ആൻഡ് ലോജിസ്റ്റിക് മാനേജ്മെന്റ് നടപ്പിലാക്കിയും വിപണനമേഖല ശക്തമാക്കുക.<br>16. കാർഷിക മേഖലയിലൂന്നിയ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക.കാർഷിക മേഖലയിൽ മൂന്ന് ലക്ഷം പുതിയ തൊഴിലവസരങ്ങൾ 2026 ഓടെ സൃഷ്ടിക്കുക<br>17. മാതൃകാ കൃഷിയിടങ്ങൾ സൃഷ്ടിച്ചു കൃഷിയധിഷ്ഠിത വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക |
| (സി) | പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (സി) | നിലവിൽ 107 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. തുടർന്ന് 393 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കാനും ഘട്ടംഘട്ടമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കാനുമാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | ഏതെല്ലാം തരത്തിലുള്ള കൃഷികളാണ് പദ്ധതിയിലൂടെ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യം വെച്ച് സാധ്യമായ എല്ലാ കൃഷിയിലേക്കും പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഓരോ കൃഷിയിടവും ഒരു ഫാം എന്ന തരത്തിൽ കണ്ടുകൊണ്ട് വിവിധ വകുപ്പുകളുടെ സഹായത്തോടെ പ്രാദേശികമായ വിഭവങ്ങൾ ഏകോപിപ്പിച്ചും ശാസ്ത്രീയമായി കൃഷി ആസൂത്രണം |

| | | | |
|---|---|---|---|
| | | | ചെയ്ത് നടപ്പാക്കുന്നതിനാണ് കൃഷി സമൃദ്ധിയിൽ ഉദ്ദേശിക്കുന്നത്. ഭക്ഷ്യവിളയ്ക്ക് പ്രാധാന്യം നൽകിയും ഇടവിള കൃഷി പ്രോത്സാഹിപ്പിച്ചും തരിശ്ഭൂമിയിൽ കൃഷി ആരംഭിച്ചും ശാസ്ത്രീയമായ കൃഷിയിലൂടെ ഉല്പാദനവും ഉല്പാദനക്ഷമതയും വദ്ധിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ